സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

**സംഗ്രഹം**

**തിരുവിതാംകൂർ ദേവസ്വം ബോർഡിലെ കമ്പ്യൂട്ടർവൽക്കരണം- ജീവനക്കാർക്ക് ഇന്റഗ്രേറ്റഡ് ടെമ്പിൾ മാനേജ്മെന്റ് സിസ്റ്റം സോഫ്റ്റ്‌വെയർ (ITMS) ട്രെയിനിംഗ് നൽകുന്ന സംഗതി- ക്രമീകരണങ്ങൾ ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

ആർ.ഒ.സി.16596/24/ഇഡിപി. തിരുവനന്തപുരം, 06.03.2025

**പരാമർശം:** ഡിജിറ്റൈസേഷൻ വിഭാഗം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറുടെ 05/03/2025 ലെ DIG/48/2025/ITMS നമ്പർ റിപ്പോർട്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഇന്റഗ്രേറ്റഡ് ടെമ്പിൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ(ITMS) നടപ്പിലാക്കുന്നതിന്റെ ഭാഗമായി ടെസ്റ്റിംഗ് നടപടികൾ ആരംഭിച്ചിട്ടുള്ളതാണെന്നും ടി സോഫ്റ്റ്‌വെയറിലേയ്ക്ക് ഓരോ ക്ഷേത്രത്തിൽ നിന്നും രേഖപ്പെടുത്തേണ്ട വിവരങ്ങൾ സൂക്ഷ്മമായി ശേഖരിച്ച് സോഫ്റ്റ്‌വെയറിൽ മാസ്റ്റർ ഡാറ്റ എൻട്രി നടത്തുന്ന ജോലിയാണ് ഇപ്പോൾ നടന്നുവരുന്നതെന്നും മാർച്ച് 4, 5 തീയതികളിൽ ഇതിന്റെ പ്രാരംഭ ട്രെയിനിംഗ് ബോർഡ് ആസ്ഥാനത്തുള്ള ഡിജിറ്റൈസേഷൻ ഓഫീസിൽ വച്ച് നടത്തിയിട്ടുള്ളതാണെന്നും, ഇതിന്റെ തുടർ ക്യാമ്പുകൾ മാർച്ച് 10 ന് ഹരിപ്പാട് കേന്ദ്രമാക്കിയും മാർച്ച് 11 ന് ചെങ്ങന്നൂർ കേന്ദ്രത്തിൽ വച്ചും നടത്താൻ മുഖ്യ ഐടി ഉപദേഷ്ടാവ് ഡോ.പി.വിനോദ് ഭട്ടതിരിപ്പാട് തയ്യാറാണെന്ന് അറിയിച്ചിട്ടുള്ളതാകയാൽ കരുനാഗപ്പള്ളി, മാവേലിക്കര, ഹരിപ്പാട് ഗ്രൂപ്പുകളിലെ സബ്ഗ്രൂപ്പ് ഓഫീസർ/ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരുടെ ട്രെയിനിംഗ് മാർച്ച് 10 ന് ഹരിപ്പാട് നടത്തുന്നതിനും, മാവേലിക്കര, തിരുവല്ല, ആറന്മുള, ശബരിമല ഗ്രൂപ്പുകളിലെ സബ്ഗ്രൂപ്പ് ഓഫീസർ/ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരുടെ ട്രെയിനിംഗ് മാർച്ച് 11 ചെങ്ങന്നൂർ വച്ചും നടത്തപ്പെടുത്തതിലേക്കായി അനുവാദ ഉത്തരവ് ഉണ്ടാകണമെന്ന് വിവരിച്ചുള്ള ഡിജിറ്റൈസേഷൻ വിഭാഗം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറുടെ പരാമർശം റിപ്പോർട്ട് ലഭ്യമായി.

മേൽ വിഷയം ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു:

**ഉത്തരവ്**

1. 2025 ഫെബ്രുവരി മാസം 4 തീയതി കൊട്ടാരക്കരയിലും, മാർച്ച് 4, 5 തീയതികളിൽ തിരുവനന്തപുരം ദേവസ്വം ബോർഡ് ആസ്ഥാനത്ത് വച്ചും ഡോ.പി.വിനോദ് ഭട്ടതിരിപ്പാടിന്റെ നേതൃത്വത്തിൽ നടത്തിയ പ്രാഥമിക ട്രെയിനിംഗ് സാധൂകരിച്ച് ഉത്തരവാകുന്നു.

2. 2025 മാർച്ച് 10 ന് ഹരിപ്പാട് ദേവസ്വത്തിൽ വച്ചും, മാർച്ച് 11 ന് ചെങ്ങന്നൂർ ദേവസ്വത്തിൽ വച്ചും മുഖ്യ ഐടി ഉപദേഷ്ടാവ് ഡോ.പി.വിനോദ് ഭട്ടതിരിപ്പാടിന്റെ നേതൃത്വത്തിൽ ക്ലാസ്സ് നടത്തുന്നതിന് ഉത്തരവാകുന്നു.

3. മാർച്ച് 10 ന് കരുനാഗപ്പള്ളി, മാവേലിക്കര, ഹരിപ്പാട് ഗ്രൂപ്പുകളിലെ സബ്ഗ്രൂപ്പ് ഓഫീസർമാരും, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരും തൽപരരായ ക്ഷേത്ര ജീവനക്കാർക്കും, മാർച്ച് 11 ന് ശബരിമല ആറന്മുള, തിരുവല്ല, ഗ്രൂപ്പുകളിലെ സബ്ഗ്രൂപ്പ് ഓഫീസർമാരും, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരും, തൽപരരായ ക്ഷേത്ര ജീവനക്കാർക്കും പങ്കെടുക്കുന്നതിന് നിർദ്ദേശിച്ച് ഉത്തരവാകുന്നു.

4. ടി ദിവസങ്ങളിലെ ക്ലാസ്സുകളിൽ പങ്കെടുക്കാൻ തൽപരരായ ക്ഷേത്രജീവനക്കാരുടെ വിവരം 08/03/2025 ന് മുമ്പായി ശേഖരിച്ച് അവരെ ഉൾപ്പെടുത്തുന്നതിന് ഡിജിറ്റൈസേഷൻ വിഭാഗം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

5. ടി ക്ലാസ്സുകൾക്കുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുവാൻ കരുനാഗപ്പള്ളി, ആറന്മുള ഗ്രൂപ്പുകളിലെ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരെയും ഓച്ചിറ, ചെങ്ങന്നൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരെയും, ഹരിപ്പാട് ദേവസ്വം സബ്ഗ്രൂപ്പ് ഓഫീസറെയും ചുമതലപ്പെടുത്തുന്നു.

6. ഡോ:പി.വിനോദ് ഭട്ടതിരിപ്പാടിന് 09/03/2025 രാത്രി മുതൽ 11/03/2025 രാത്രിവരെയുള്ള യാത്രകൾക്ക് ഡിപ്പാർട്ട്മെന്റ് വാഹനം ഏർപ്പെടുത്തുന്നതിന് ചീഫ് എൻജിനീയറെയും, താമസ സൗകര്യം ഏർപ്പെടുത്തുന്നതിന് ഓച്ചിറ, ചെങ്ങന്നൂർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരെയും ചുമതലപ്പെടുത്തുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി,
(ഒപ്പ്)
**സെക്രട്ടറി**

**പകർപ്പ്:-**

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എൻജിനീയർ
3. മുഖ്യ ഉപദേഷ്ടാവ്, ടെക്നിക്കൽ കമ്മിറ്റി
4. എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല
5. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, ഡിജിറ്റൈസേഷൻ
6. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ (കരുനാഗപ്പള്ളി, മാവേലിക്കര, ഹരിപ്പാട്, ആറന്മുള, തിരുവല്ല)
7. ഐടി ഡിവിഷൻ *(പ്രസിദ്ധീകരണത്തിനായി)*
8. സെക്ഷൻ ഫയൽ
9. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ,

അസിസ്റ്റന്റ് സെക്രട്ടറി
(ശബരിമല സെൽ)